# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 724

11/03/2015-ൽ മറുപടിക്ക്

## കരങ്ങു പനി ശുശ്രൂഷകരുടെ പരിരക്ഷ

ചോദ്യം

**ശ്രീ. ഇ.കെ.വിജയൻ**

എ) കരങ്ങു പനി വ്യാപിക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോ;

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) കരങ്ങു പനി വ്യാപിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടിയന്തിര പ്രാധാന്യത്തോടെ രോഗ നിർണ്ണയം, ചികിൽസാ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നു വരുന്നു. വനം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യം, ത്രിതല പഞ്ചായത്തുകൾ. ട്രൈബൽ വകുപ്പ് മുതലായ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തി വരുന്നത്.
- സംസ്ഥാനതല വിദഗ്ധ സംഘം, മെഡിക്കൽ കോളേജ് ടീം, ന്യൂഡൽഹിയിൽ നിന്നും എത്തിയ വിദഗ്ധൻ, മണിപ്പാൽ വൈറോളജി ലാബിൽ നിന്നുള്ള വിദഗ്ധ രക്തപരിശോധനാസംഘം മുതലായവർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

- ആരോഗ്യ വകുപ്പ് മന്ത്രി, ബഹു. പട്ടിക വർഗ്ഗ യുവജനക്ഷേമ മന്ത്രി, വയനാട് പാർലമെന്റ് അംഗം എന്നീ പ്രമുഖർ രോഗ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- കുരങ്ങുപനി ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്കും, രോഗ ബാധിതർക്കും പ്രത്യേക സാമ്പത്തിക സഹായം നൽകാൻ ധാരണയായി. രോഗ ചികിൽസാ കാലയളവിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യ വിതരണം ഉറപ്പാക്കിയിട്ടുണ്ട്.
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ ജില്ലയ്ക്ക് അനുവദിച്ചു. 19/02/2015-ന് കുരങ്ങുപനിയുടെ വിവിധ വശങ്ങളെക്കുറിച്ച് കർണ്ണാടക സംസ്ഥാനത്തെ വിദഗ്ധരുമായി ഒരു കൂടിയാലോചനായോഗം സുൽത്താൻ ബത്തേരിയിൽ ചേരുകയും തുടർ നടപടികൾക്ക് മാർഗ്ഗരേഖയുണ്ടാക്കുകയും ചെയ്തു.
- ഫെബ്രുവരി 16 മുതൽ 19 വരെ ആരോഗ്യ വകുപ്പ് അഡിഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ജില്ലയിൽ ക്യാമ്പ് ചെയ്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
- മൃഗസംരക്ഷണ വകുപ്പും, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് കുരങ്ങു മരണമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത

സ്ഥലങ്ങളിൽ അണു നശീകരണ പ്രവർത്തനങ്ങൾ (ടിക് കൺട്രോൾ) നടത്തി വരുന്നു.

- രോഗ ബാധ സാധ്യതയേറെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധത്തിനും ചികിൽസയ്ക്കും പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേന്ദ്രത്തിൽ നിന്ന് ഒരു ടീം വയനാട് ജില്ല സന്ദർശിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി പ്രത്യേകിച്ച് ധാരണയിൽ ഒന്നും ഏർപ്പെട്ടിട്ടില്ല.

ബി) പനി ബാധിതരെ ശുശ്രൂഷിക്കുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്കും സന്നദ്ധസംഘടനകൾക്കും എന്തെല്ലാം പരിരക്ഷയാണ് ഉറപ്പാക്കിയിരിക്കുന്നത് ?

ബി) മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് നേരിട്ട് രോഗം പകരാത്തതുകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് പ്രത്യേകിച്ച് പരിരക്ഷ ആവശ്യമില്ല. എന്നിരുന്നാലും വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും, പ്രതിരോധ വാക്സിനും നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. രോഗ സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അവബോധവും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും നൽകി വരുന്നു.

[signature]

**സെക്ഷൻ ഓഫീസർ**